**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1604      02.07.2015-ൽ മറുപടിയ്ക്ക്

## വിവാഹ രജിസ്ട്രാർ ജനറൽ

**ചോദ്യം**      **ഉത്തരം**

ശ്രീ. ചിറ്റയം ഗോപകുമാർ

ഡോ. എം.കെ. മുനീർ,
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ക്രമ നമ്പർ | ചോദ്യം | ഉത്തരം. |
|---|---|---|
| (എ) | വിവാഹ രജിസ്ട്രാർ ജനറൽ എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ ; | വിവാഹ രജിസ്ട്രാർ ജനറൽ എന്ന പ്രത്യേക തസ്തിക നിലവിൽ സൃഷ്ടിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശങ്ങളെയും നഗരപ്രദേശങ്ങളെയും സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ ആയി പ്രവർത്തിച്ചു വരുന്നു. |
| (ബി) | വിവാഹ രജിസ്ട്രാർ ജനറലിന്റെ ആഫീസിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കുമോ ; | ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ് വിവാഹ രജിസ്ട്രാർ ജനറൽ എന്നുള്ളതിനാൽ വിവാഹ രജിസ്ട്രാർ ജനറലിന് മാത്രമായി പ്രത്യേകം ഓഫീസ് ഇല്ല. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ ഈ ആവശ്യത്തിലേക്കായി ഒരു ജൂനിയർ സൂപ്രണ്ട്, ഒരു സീനിയർ ക്ലാർക്ക് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിലവിൽ ഈ ഓഫീസിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് എന്നുള്ളതടക്കമുള്ള പ്രവർത്തന വിവരങ്ങൾ വിശദമാക്കുമോ ; | ഹിന്ദു വിവാഹം 1955, പ്രത്യേക വിവാഹ നിയമം 1954, ക്രിസ്ത്യൻ വിവാഹ നിയമം 1872 എന്നീ വിവാഹ നിയമങ്ങളുടെ നിയന്ത്രണാധികാരം പഞ്ചായത്ത് |

| | | |
|---|---|---|
| | | ഡെപ്യൂട്ടി ഡയറക്ടർമാരുടെ അധികാര പരിധിയിലാണ്. 2008-ലെ പൊതുവിവാഹ ചട്ടങ്ങൾ അനുസരിച്ച് വിവാഹം നടന്ന് 5 വർഷത്തിനു ശേഷമുള്ള രജിസ്ട്രേഷൻ, വിവാഹ രജിസ്റ്ററിലെ പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ അനുമതി നൽകൽ, രജിസ്ട്രേഷൻ തിരുത്തൽ, സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയ തദ്ദേശ രജിസ്ട്രാറുടെ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) ഏതൊരു തീരുമാനത്തിനെതിരെയും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നു മാസകാലയളവിനുള്ളിൽ രജിസ്ട്രാർ ജനറൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ